6

# കീഴടക്കലിന്റെ കാലം

## യോർദ്ദാൻ നദി കടക്കുന്നതുമുതൽ യോശുവയുടെ മരണംവരെ

## ബി.സി. 1451-1400 (യോശു. 1-24)

### I. യോർദ്ദാൻ കടക്കൽ.

**1. പുതിയ നായകൻ.** – യോർദ്ദാനിന്റെ കിഴക്ക് യിസ്രായേൽ പാളയമടിച്ചപ്പോഴായിരുന്നു മോശെ അവരെ വിട്ടുപോയത്. ശിഹോനെയും ഓഗിനെയും കീഴ്പ്പെടുത്തി നദിയുടെ കിഴക്കുള്ള സ്ഥലം അവർ കൈവശമാക്കി. കനാൻ യോർദ്ദാന്റെ പടിഞ്ഞാറായിരുന്നു സ്ഥിതി ചെയ്തിരുന്നത്; ചുറ്റും മതിലുകൾ ഉള്ള യുദ്ധപ്രിയരായ ആളുകൾ ഉള്ള ആ രാജ്യം പർവ്വത നിരകൾ ഉള്ളതായിരുന്നു. അവർക്കുമുൻപിൽ എത്തിച്ചേരുന്നത് അത്ര എളുപ്പമായിരുന്നില്ല. വലിയ കാലഘട്ടങ്ങൾ വലിയ നേതാക്കന്മാരെ ആവശ്യപ്പെട്ടിരുന്നു. യിസ്രായേലിന്ന് ഒരിക്കലും രാമതൊരു മോശെ ലഭിച്ചില്ല. എന്നാൽ ഇപ്പോൾ പുതിയ ഒരു നായകനുള്ള അവസരം വന്നിരിക്കുന്നു. വിടുതലിനും സംഘടിപ്പിക്കലിനും മോശെയെ അയച്ച ദൈവം, ഇപ്പോൾ യോശുവയെ കീഴ്പ്പെടുത്തി പാർക്കുന്നതിനു അയക്കുന്നു.

**2. യോർദ്ദാൻ ഭാഗിച്ചു.** – യിസ്രായേൽ ജനം ചെങ്കടലിൽ എത്തിയപ്പോൾ ശക്തരായ ശത്രുക്കൾ പുറകെ ഉായിരുന്നു. അവർ യോർദ്ദാൻ നദിയിൽ എത്തിയപ്പോൾ ശക്തരായ അവരുടെ ശത്രുവിനെ എതിരിടേിവന്നു. അവിടെ, അവരെ വിശ്വാസത്തിൽ പ്രകോപിപ്പിക്കുവാൻ, ദൈവത്താലുള്ള അത്ഭുതം നടക്കുകയും, ദൈവത്തിന്റെ ആ പ്രവൃത്തി അവരുടെ നായകനെയും ഉയർത്തി. അത് വിളവെടുപ്പിന്റെ സമയമായിരുന്നു. ലബനോന്റെ മഞ്ഞ് ഉരുകി യോർദ്ദാൻ താഴ്വരകളിൽ വെള്ളം നിറഞ്ഞിരുന്നു. അവിടെ ബോട്ടുകളും പാലങ്ങളും ഉായിരുന്നില്ല. എന്നാൽ പുരോഹിതന്മാർ, നിയമപെട്ടകം ചുമന്ന്, നദിയുടെ അരികിൽ കാൽചവിട്ടിയപ്പോൾ, വെള്ളം മാറുകയും യിസ്രായേൽ ഉണങ്ങിയനിലത്തുകൂടെ കടന്നുപോകയും ചെയ്തു. ര് ഓർമ്മക്കല്ലുകൾ നാട്ടി, ഒന്ന് നദിക്കരികിലും, മറ്റൊന്ന് ഗിൽഗാലിലുമായിരുന്നു, അവിടെയായിരുന്നു അവർ ആ രാത്രി പാളയമടിച്ചത്.

**3. ഗിൽഗാലിൽ പാളയമടിക്കൽ.** – മരുഭൂമിയിൽവെച്ച് ഒഴിവാക്കിയതായ, പരിഛേദന അവിടെവെച്ച് കഴിച്ച്, പുതുക്കുകയും അവരുടെ അവിശ്വാസ നിന്ദ അകറ്റുകയും ചെയ്ത്, ശിക്ഷാവിധി നീക്കിക്കളഞ്ഞു; അതുകൊാണ് ഗിൽഗാൽ എന്ന് ആ സ്ഥലത്തിനു പേരിട്ടത്. കൂടാതെ അവിടെവെച്ച്, ഒരിക്കൽ കൂടെ പുറപ്പാടു രാത്രിയിൽ ചെയ്തതുപോലെ, പെസഹാ ആഘോഷിച്ചു. മരണദൂതൻ മിസ്രയീമിൽ കൂടെ കടന്നുപോയതിൽ മിസ്രയീമ്യർക്ക് വിസ്മയം ജനിച്ചിരുന്നു; ഇപ്പോൾ ഇതാ കനാന്യർ യെരീഹോ മതിലുകൾക്കു പിന്നിൽ ഭീരുത്വത്താലും ഭയത്താലും കഴിയുന്നു. അവിടെ

വെച്ചു മന്നയും നിന്നുപോയിരുന്നു; ഇവിടെവെച്ചും, ബഥേലിനടുത്തുള്ള മറ്റൊരു ഗിൽഗാലിൽവെച്ചും, യിസ്രായേൽ കനാൻ എല്ലാ ഗോത്രക്കാർക്കും വീതിച്ചുകൊടുക്കുന്നതുവരെ പാളയമടിച്ചാണ് കിടന്നിരുന്നത്.

### II. യെരീഹോ പിടിക്കൽ.

ശത്രുക്കളുടെ ബലം പരിശോധിക്കുവാൻ യോർദ്ദാൻ കടന്നപ്പോൾ യോശുവാ ഒറ്റുകാരെ അയച്ചിരുന്നു. യെരീഹോവിൽ രാഹാബ് എന്ന ഒരു വേശ്യ ഉായിരുന്നു, അവൾക്ക് ദൈവജനത്തിന്റെ ഭാവിയിൽ ഉറച്ച വിശ്വാസം ഉായിരുന്നതുകൊ്, പട്ടണം പിടിക്കുന്നതിനു അയച്ച ഒറ്റുകാരെ അവളുടെ വീട്ടിൽ ഒളിച്ചുവെച്ചു. ഗിൽഗാലിൽ പാളയമടിച്ചിരുന്നപ്പോൾ മോശെക്കു ലഭിച്ചതുപോലെ, യോശുവക്കും ദൈവത്തിന്റെ ദൗത്യം ലഭിച്ചു. എങ്ങനെയായാലും, മുൾപ്പടർപ്പിൽ ആയിരുന്നില്ല, ദൈവം പ്രത്യക്ഷനായത്, പക്ഷെ കീഴ്പ്പെടുത്തൽ ജോലിയുടെ പ്രാധാന്യം കാണിച്ച്, ഊരിപ്പിടിച്ച വാളുമായിട്ടായിരുന്നു. യെരീഹോ പിടിക്കുവാൻ തിരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗം മനുഷ്യന്റേതല്ല ദൈവത്തിന്റേതായിരുന്നു എന്നു ആ പ്രവൃത്തി തെളിയിക്കയുായി. അവർ കടന്നുപോയതിനടുത്തായിരുന്നു യെരീഹോ സ്ഥിതി ചെയ്തിരുന്നത്. അത് കനാന്റെ പടിവാതിൽ ആയിരുന്നു. അതു പുറകിൽ വിട്ടിട്ടില്ലായിരുന്നു. മതിലുകൾ തകർക്കുവാനായി യിസ്രായേലിന്നു യന്ത്രങ്ങൾ ഒന്നുമില്ലായിരുന്നു. ദൈവകല്പനയാൽ ആറുദിവസം തുടർച്ചയായി അവർ അതിനുചുറ്റും, നിയമപെട്ടകം വഹിച്ചുകൊു പ്രദക്ഷിണം ചെയ്യുകയും, ഏഴാം ദിവസം ഏഴുപ്രാവശ്യവും പ്രദക്ഷിണം നടത്തി, അപ്പോൾ അവരുടെ കാഹളം ഊതുകയും അത്യുച്ചത്തിൽ നിലവിളിക്കുകയും, മതിലുകൾ വീഴുകയും, യെരീഹോ അവരുടേതായിത്തീരുകയും ചെയ്തു. യഹോവ ആയിരുന്നു മിസ്രയീമിലെ അവരുടെ നുകം തകർത്തു കളഞ്ഞത്, ചെങ്കടലിൽ വഴി തുറന്നത്, അവരെ പോറ്റിപുലർത്തി മരുഭൂമിയിൽ നയിച്ചിരുന്നത്, അവർക്കു നിയമം കൊടുത്തതും യോർദ്ദാൻ നദിയെ ഭാഗിച്ചതും അവനായിരുന്നു. പാപത്തിൽ മുഴുകിയ കനാന്യരെ നശിപ്പിച്ച് അവന്റെ നിയമം നിറച്ചുകൊടുത്ത് നിയമമുള്ള ആളുകൾക്ക് വാഗ്ദാനദേശം നൽകുകയും ചെയ്തത് യഹോവയായിരുന്നു.

### III. കനാന്റെ മദ്ധ്യഭാഗം കീഴ്പ്പെടുത്തൽ.

**1. ഹായീ പിടിക്കൽ.** – കനാന്റെ മദ്ധ്യഭാഗത്തുള്ള മുഖ്യസ്ഥലമായിരുന്നു ഹായി. ആദ്യത്തെ ആക്രമണത്തിൽ യിസ്രായേലിന്നു അടികിട്ടിയിരുന്നു. കാരണം ആഖാന്റെ പാപം കത്തിയതുകൊായിരുന്നു, അവൻ സ്വർണ്ണവും വെള്ളിയും ദ്രവ്യവും ബാബിലോന്യ കുപ്പായവും, യെരീഹോവിൽ നിന്ന് കൊുവന്ന് ഒളിച്ചുവെച്ചിരുന്നു. സ്വാർത്ഥതക്കും അത്യാഗ്രഹത്തിനും ഉള്ള സമയമായിരുന്നില്ല അത്; അതിനാൽ ആഖാൻ തന്റെ പാപം നിമിത്തം കല്ലെറിഞ്ഞ് കൊല്ലപ്പെട്ടു. രാമത്തെ ആക്രമണത്താൽ ഹായിയും കനാന്റെ മദ്ധ്യഭാഗവും യിസ്രായേലിൽ വന്നുചേർന്നു.

**2. ശേഖേമിലെ യോഗം.** – യിസ്രായേൽ ഇപ്പോൾ ദേശത്തിന്റെ ഹൃദയഭാഗത്താണ്. പിതാക്കന്മാരുടെ എല്ലാ കാല്പ്പാടുകളും അവർക്കു ചുറ്റുമു്. ശേഖേമിൽ ആയിരുന്നു, അബ്രഹാം ആദ്യം കൂടാരം അടിച്ചതും തന്റെ യാഗപീഠം തീർത്തതും. ബെഥേലിൽ, വച്ചായിരുന്നു, അഭയാർത്ഥി ആയി

രുന്ന യാക്കോബിനു ദർശനം ലഭിച്ചതും ജ്ഞാപക സ്തംഭം പണിതതും. ശേഖേമിൽ പ്രവാസത്തിൽനിന്നു മടങ്ങിവന്നതിനുശേഷം, വിഗ്രഹാരാധനയുടെ പഴയവസ്തുക്കളെല്ലാം മെസൊപ്പൊട്ടാമിയയിൽനിന്നു കൊവന്നതെല്ലാം കുഴിച്ചിട്ടു. ഇപ്പോൾ ദൈവത്തിന്റെ ശക്തിയിൽ ദൈവനിയമവും നിറവേറി, നിയമത്തിന്റെ ഓർമ്മയുടേയും പുതുക്കലിന്റെ സമയമായിരിക്കുന്നു. അതുകൊ്, മോശെയുടെ മുൻപിലത്തെ നിർദ്ദേശമനുസരിച്ച് (ആവർ. 27), ശേഖേമിൽ ഒരു സഭായോഗം കൂടി. തെക്ക് ഗരേസ്യം പർവ്വതത്തിനും വടക്ക് ഏബാൽ പർവ്വതത്തിനും ഇടയ്ക്കായിരുന്നു ശേഖേം സ്ഥിതിചെയ്തിരുന്നത്. ആ താഴ്വരയിൽ ലേവ്യർ നിന്നിരുന്നു. അവർ അനുഗ്രഹം പ്രഖ്യാപിച്ചപ്പോൾ അനുസരണമുള്ള ഗിരീസീമിലെ ആറുഗോത്രങ്ങൾ "ആമേൻ" എന്നു പ്രതികരിച്ചു; അനുസരണം കെട്ടവരും അവർ ശാപം പ്രഖ്യാപിച്ചപ്പോൾ മറ്റു ആറു ഗോത്രത്തിലുായിരുന്നവർ ഏബാലിൽ നിന്നു "ആമേൻ" എന്നു വിളിച്ചുപറഞ്ഞു. പിന്നെ എഴുതപ്പെട്ട നിയമത്തിന്റെ ഓർമ്മക്കായി ഒരു ജ്ഞാപകം ഉയർത്തുകയും, ഒരു യാഗോത്സവം ആഘോഷിക്കുകയും ചെയ്തു.

### IV. തെക്കുഭാഗത്തെ കീഴ്പ്പെടുത്തുന്നതും സഖ്യവും.

1. **ഗിബയോന്യരുമായുള്ള അവരുടെ സഖ്യം.** – കീഴ്പ്പെടുത്തൽ കാലയളവിൽ യിസ്രായേൽ പാളയമടിച്ചിരുന്നത് ഗിൽഗാലിലായിരുന്നു എന്നു തോന്നുന്നു, അതു മദ്ധ്യകനാനിലായിരുന്നു. ഹായി വീണ ഉടനെ, ഗിബെയോനിൽനിന്നു സന്ദർശകർ, തെക്കുള്ള യോശുവയുടെ അടുക്കൽ വന്നു, വിദൂരസ്ഥലത്തുനിന്നു വരുന്നു എന്നു പറഞ്ഞു, അവരുടെ സുരക്ഷക്കു സഖ്യം ആവശ്യപ്പെട്ടു. യോശുവ സമ്മതിച്ചു. വഞ്ചന മനസിലാക്കി, രഹസ്യത്തിൽ അവരെ നശിപ്പിക്കയില്ല എന്നു അവൻ ഒരു കരാറുാക്കി, എന്നാൽ അവൻ അവരെ യിസ്രായേലിന്നു "വിറകു പെറുക്കുന്നവരും വെള്ളം കോരുന്നവരും" ആക്കി.

2. **ബേത്ത്-ഹോരോനിലെ യുദ്ധം.** – പ്രതിരോധത്തിനും ആക്രമണത്തിനുമായി ഗിബെയോനുമായുള്ള സഖ്യം, തെക്കുള്ള യെരുശലേം, ഹെബ്രോൻ, യാർമൗത്ത്, ലാകീശ്, എഗ്ലോൻ എന്നീ പട്ടണങ്ങളെ നയിച്ചു. അവർ ഗിബെയോനെ ആക്രമിച്ചതു, യോശുവക്ക് ഇഷ്ടമായി. അവൻ ഒരു രാത്രി പ്രയാണം ചെയ്തു, സഖ്യകക്ഷികളെ ആക്രമിച്ചു, ബേത്ത്-ഹോരോനിലെ വലിയ യുദ്ധത്തിൽ അവരെ പരാജയപ്പെടുത്തി. പഴയ ഒരു കവിതയിൽ പറഞ്ഞതുപോലെ, അതു പ്രസിദ്ധമായ ഒരു "നീ ദിവസത്തെ" പോരാട്ടം ആയിരുന്നു (യോശു. 10:12, 13), യോശുവ കല്പിച്ചതനുസരിച്ച് സൂര്യനും ചന്ദ്രനും നിശ്ചലമായി നിന്നു.

### V. വടക്കു വശം കീഴ്പ്പെടുത്തലും സഖ്യവും.

ഒരിക്കൽകൂടെ കനാന്യർ യോജിച്ച് പരിശ്രമിച്ചു. വടക്കുള്ള ഹാസറിന്റെ ശക്തനായ കനാന്യൻ, യാബിൻ, മെരോമിലെ വെള്ളമുള്ള സ്ഥലത്ത് യോശുവ പരാജയപ്പെടുത്തിയവരുമായി സഖ്യമുാക്കി. ഇതു യോജിച്ച എതിർത്തുനില്പിനു വഴിയൊരുക്കി. പല ഗോത്രങ്ങളും വിശദമായ കീഴ്പ്പെടുത്തൽ പൂർത്തിയാക്കിയതിനാൽ ആ പോരാട്ടം നിസാരമായ പ്രാദേശിക മൽസരമായി താഴ്ന്നു. ആ പ്രവൃത്തി ദൈവകല്പന അനുസരിച്ചായിരുന്നി

ല്ല, അതു അവരുടെ ദേശീയജീവിതത്തിന്റെ ആവശ്യത്തിനുമായിരുന്നു. മൈത്രിസഖ്യവും മിശ്രവിവാഹവുമായിരുന്നു അവരുടെ കുഴപ്പം. പൂർണ്ണമായ ഒരു വേർപാടിൽ മാത്രമായിരുന്നു അവരുടെ മതപരമായ നിർമ്മലതയും സുരക്ഷിതത്വവും. അടുത്ത കാലത്തെ സ്ഥിതിക്കു കാരണമായതു കനാന്യരെ പൂർണ്ണമായി പുറത്താക്കുവാൻ കഴിയാതിരുന്നതാണ്.

### VI. ദേശം ഭാഗിക്കലും യോശുവയുടെ മരണവും.

**1. ദേശം ഭാഗിക്കൽ.** – ഏകീകൃതമായ എതിർപ്പു അസാദ്ധ്യമെന്നറിഞ്ഞു, യോശുവ ദേശം പന്ത്രു ഗോത്രങ്ങൾക്കു ചീട്ടിട്ടു ഭാഗിച്ചുകൊടുക്കുവാൻ തീരുമാനിച്ചു. ആ അനുവദിക്കലിൽ ലേവി ഗോത്രത്തെ ഉൾപ്പെടുത്തിയില്ല, എന്നാൽ അവർക്കു കനാനിൽ മുഴുവനും നാല്പത്തി എട്ട് പട്ടണങ്ങൾ ലഭിച്ചു. അവയിൽ ഉൾപ്പെട്ടിരുന്ന ആറു അഭയാർത്ഥി പട്ടണങ്ങളാണ്, ഗോലാൻ, രാമോത്ത്-ഗിലെയാദും കിഴക്കുള്ള ബെസേറും, കാദേശ്, ശേഖേം, യോർദ്ദാന്നു പടിഞ്ഞാറുള്ള ഹെബ്രോൻ. യാക്കൊബ്, യോസേഫിന്റെ രുമക്കളായ എഫ്രെയിമിനെയും മനേശ്ശയെയും, സ്വന്ത മക്കാളായി ദത്തെടുത്തിരുന്നു, അങ്ങനെ ലേവി കൂടാതെ ഗോത്രങ്ങൾ പന്ത്രായി. രൂബേൻ, ശിമെയോൻ, യെഹൂദാ, യിസാഖാർ, സുബൂലൂൻ, ദാൻ, നഫ്ത്താലി, ഗാദ്, ആശേർ, എഫ്രെയിം, മനശ്ശെയും ബെന്യാമീനും എന്നിവരാണ് അവർ.

**2. യോശുവയുടെ വിടവാങ്ങലും മരണവും.** – യോശുവ ആ തലമുറയിൽ കൂടുതൽ കാലം ജീവിച്ചിരിക്കയും മിസ്രയീമിലേയും ചെങ്കടലിലേയും അത്ഭുതങ്ങൾ കാണുകയും ചെയ്തു. കാലേബും യോശുവയും ഒഴിച്ചുള്ള *വർ* മരുഭൂമിയിൽ പട്ടുപോയി, എന്നാൽ അവൻ നൂറ്റിപ്പത്തു വയസു വരെ ജീവിച്ചിരുന്നു. അവൻ യഹോവാഭക്തിയിൽ കഴിഞ്ഞ് അവസാനം, ഗോത്രങ്ങളുടെ ചരിത്രപരമായ ഒരു സഭായോഗം ശേഖേമിൽ വിളിച്ചു കൂട്ടി. അവിടെ വെച്ച് അവൻ അവരുടെ ചരിത്രം അവലോകനം നടത്തിക്കൊ്, മതഭ്രംശത്തിന്റെ അപകടം അവൻ മുന്നറിയിക്കയും ചെയ്തു. "നിങ്ങൾ ആരെ സേവിക്കുമെന്നു ഇന്നു തിരഞ്ഞെടുത്തുകൊൾക: ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും"[1]; അത്തരം ഉത്തമമായ വാക്കുകളാൽ അവൻ അവരെ തന്റെ കുടുംബത്തോടൊപ്പം യഹോവയെ സേവിക്കുവാൻ സമർപ്പിക്കുകയായിരുന്നു. ആ ദേശിയനിയമത്തിന്റെ ഓർമ്മ പുതുക്കുന്നതിനു ഒരു ജ്ഞാപകക്കല്ല് സ്ഥാപിക്കുകയും ചെയ്തശേഷം യോഗം പിരിച്ചുവിട്ടു ഉടനെ പിതാക്കന്മാരോടൊപ്പം ചേർന്നു.

---

കുറിപ്പ്

[1] യോശു. 24:15.